പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1982 — 17.12.2012 ൽ മറുപടിക്ക്

## ഓപ്പറേഷൻ സ്വീപ്പ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം തടയുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് നടപ്പാക്കിയ ഓപ്പറേഷൻ സ്വീപ്പ് പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് പട്രോളിംഗ് നടത്തുകയും പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ ഉപേക്ഷിക്കുന്നവർക്കെതിരെ Sec 268, 269, 270 of IPC യും 120(e) of Kerala Police Act - ഉം പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. പൊതുസ്ഥലങ്ങളിൽ മാലിന്യം ഉപേക്ഷിക്കാതെ മാലിന്യമുക്തകേരളം എന്നതാണ് പദ്ധതിയുടെ ലക്ഷ്യം |
| (ബി) പൊതുസ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും ഏജൻസിയുടെയോ സ്ഥാപനങ്ങളുടെയോ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഏജൻസികളുടെയും സഹകരണം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ